കെ3 – 310618/2021

കളക്ടറേറ്റ്, സിവിൽ സ്റ്റേഷന്
കുടപ്പനക്കുന്ന്, തിരുവനന്തപുരം – 43
തീയതി : 12.03.2024

**തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ അഴൂരിനേയും മുരുക്കുംപുഴയേയും കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായിട്ടുള്ള സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ ഗ്രൂപ്പിന്റെ വിലയിരുത്തൽ റിപ്പോർട്ട്**

**അംഗങ്ങൾ**

| | |
|---|---|
| 1. | ഡോ. എൽ. താരാ ഭായി, നോൺ ഒഫിഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 2. | ഡോ. പി. പ്രതാപൻ, നോൺ ഒഫിഷ്യൽ സോഷ്യൽ സയന്റിസ്റ്റ് |
| 3. | ഡോ.ചിത്ര എസ്.നായർ, റീഹാബിലിറ്റേഷൻ സ്പെഷ്യലിസ്റ്റ് |
| 4. | ശ്രീമതി. ഷെഹനാസ്. കെ. എസ്, സ്പെഷ്യൽ തഹസിൽദാർ, എൽ. എ (ജനറൽ), തിരുവനന്തപുരം |
| 5. | ശ്രീ. കബീർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 6. | ശ്രീമതി. ലൈല. കെ. പി, മംഗലാപുരം ഗ്രാമപഞ്ചായത്ത് പ്രതിനിധി |
| 7. | ശ്രീ. അരവിന്ദ്. വി, പി.ഡബ്ല്യു.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്രിഡ്ജസ് സെക്ഷൻ – 3, തിരുവനന്തപുരം |

**സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലും ശുപാർശകളും**

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം-ചിറയിൻകീഴ് താലൂക്കിൽ കഠിനംകുളം കായലിന് കുറുകെ അഴൂർ – മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായി കഠിനംകുളം വെയിലൂർ, അഴൂർ എന്നീ വില്ലേജുകളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. 150 മീറ്റർ നീളത്തിലും 11 മീറ്റർ വീതിയിലും 1.5 മീറ്റർ നീളത്തിൽ ഇരുവശങ്ങളിലുമായി നടപ്പാതയുള്ള പാലവും, 1600 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും അനുബന്ധ റോഡും നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കഠിനംകുളം, വെയിലൂർ, അഴൂർ വില്ലേജുകളിൽ നിന്നും 17 സർവ്വെ നമ്പരുകളിൽ നിന്ന് 450 സെന്റ് 23.07.2020 തീയതിയിലെ ജി.ഒ (ആർ.ടി) നം.628/2020/PWD നമ്പർ ഉത്തരവ് പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ കഠിനംകുളം കായലിന് കുറുകെ അഴൂർ-മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ജനങ്ങൾക്ക് സഞ്ചാര സൌകര്യങ്ങൾ വർദ്ധിക്കും. ഏറ്റെടുക്കേണ്ട സ്ഥലത്തിലെ റോഡിന്റെ ഒരു ഭാഗം മംഗലാപുരം പഞ്ചായത്തിലെ വാർഡ് 14 (മുരുക്കുംപുഴ, വെയിലൂർ) ഉൾപ്പെട്ട പ്രദേശവും മറ്റേ ഭാഗം അഴൂർ പഞ്ചായത്തിലെ വാർഡ് 17 ൽ ഉൾപ്പെട്ട പ്രദേശവുമാണ്. നിലവിലെ ഡിസൈൻ പ്രകാരം പുതിയ റോഡിന്റെ അലൈൻമെന്റ് കടന്നു പോകുന്നത് പ്രധാനമായും സ്വാര്യ ഭൂമിയിലൂടെയാണ്. അതിനാൽ ഏകദേശം 14 ൽ കൂടുതൽ ഭൂവുടമകൾക്ക് ഒരു സെന്റിൽ താഴെ മുതൽ 10 സെന്റ് ഭൂമി വരെ നഷ്ടപ്പെടുന്നുണ്ട്.

ഏറ്റെടുക്കുന്ന ഭൂമി കാർഷികാവശ്യത്തിനോ, താമസത്തിനോ ഉപയോഗിച്ച് പോരുന്നതോ അല്ലെങ്കിൽ തരിശായി കിടക്കുന്നതോ ആണ്.

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തിട്ടപ്പെടുത്തിയിരിക്കുന്നു എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തിയിരിക്കുന്നതിനോട് പഠന റിപ്പോർട്ടും വിദഗ്ധ സമിതിയും യോജിക്കുന്നു.

ഏറ്റെടുക്കുന്ന സ്ഥലം ആരംഭിക്കുന്നത് Ferry Point ൽ നിന്നാണ് മുരുക്കുംപുഴ ജംഗ്ഷനിൽ നിന്ന് 1.25 കി.മീ. അകലെയാണ് Ferry point സ്ഥിതി ചെയ്യുന്നത്. R1, L1 എന്നീ കല്ലുകളിൽ നിന്ന് ആരംഭിച്ച് IBS സ്ഥാപന ഉടമസ്ഥതയിലുള്ള ഭൂമി വഴിയാണ് പാത പോകുന്നത്. കല്ല് എണ്ണം R20-L18 ഒരു വീടിനെ സാരമായി ബാധിക്കുന്നുണ്ട്. മംഗലപുരം പഞ്ചായത്തിൽ M/17730 വീട്ടിൽ 9 സെന്റ് എടുത്തു കഴിഞ്ഞാൽ ബാക്കി ഭൂമി വീട്ടുടമസ്ഥക്ക് (വലിയ വിട്ടേല, രാജി) പ്രയോജനമില്ല R22-L20, R23-L19 എന്നീ സ്ഥലങ്ങളിലുള്ള വീടുകളും ഭാഗീകമായി പോകുന്നുണ്ട്. അതിന് ശേഷം രണ്ട് വ്യക്തികളുടെ ഭൂമിയുടെ നടുവിൽ കൂടെ പാത പോകുന്നതിനാൽ ഇരുവശത്തും കിടക്കുന്ന ബാക്കി ഭൂമി ഉപയോഗ ശൂന്യമാണ്. വീണ്ടും IBS ഭൂമിയിൽ കൂടി പോയി Infant Jesus School റോഡിൽ ഉള്ള St.Augustine's Church ഭൂമി കുറച്ച് പോകുന്നുണ്ട് R25 to R29 ശ്രീ.പരേര എന്ന വ്യക്തിയുടെ ഭൂമിയിൽ ആണ് സ്ഥാപിച്ചിരിക്കുന്നത്. പദ്ധതിക്കുള്ള ഭൂമി ഏറ്റെടുത്താൽ ബാക്കി കിടക്കുന്ന ഭൂമി വലിയ പ്രയോജനമില്ലാത്തതാണ്. R32-L29 Church ന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇതിനിടയിൽ താഴെക്കുളം എന്ന സ്ഥലത്ത് ഒരു പ്രൈവറ്റ് കോളനി (മോഹൻ പോൾ കോളനി) ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

ഭൂരിഭാഗം ജനങ്ങളും പദ്ധതിയോട് അനുകൂലമായാണ് പ്രതികരിച്ചത്. പ്രസ്തുത പദ്ധതി പ്രദേശത്ത് റോഡ് ഒരു അനിവാര്യ ഘടകമാണ്. ആയതിനാൽ ജനങ്ങൾ വളരെ സന്തോഷത്തോടെ ആണ് ഭൂമി വിട്ടു നൽകുന്നത്.

പദ്ധതിയുടെ അർത്ഥനാധികാരിയായ PWD (Bridges), തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അർത്ഥനാപത്രത്തിൽ 182.11 ആർ സ്ഥലമാണ് ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചിരിക്കുന്നതും ആയത് പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം മാത്രമാണെന്നുള്ളതും പഠന സംഘം വിലയിരുത്തുന്നതിനോട് വിദഗ്ധ സംഘം യോജിക്കുന്നു.

ഈ പദ്ധതി മൂലം ഭൂമി ഏറ്റെടുക്കലിൽ 28 കുടുംബങ്ങളേയും 4 കെട്ടിടങ്ങളെയും ബാധിക്കുന്നതായി കാണുന്നു. ഏകദേശം 2 കെട്ടിടങ്ങളിലുള്ളവരെ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്ന് വിദഗ്ധ സംഘം കണ്ടെത്തുന്നു.

ഈ പദ്ധതിയുടെ പൂർത്തീകരണം മൂലം തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ കഠിനംകുളം കായലിന് കുറുകെ അഴൂർ-മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധപ്പിക്കുന്നതു വഴിയും നടപ്പാതയുള്ള പാലവും അനുബന്ധ റോഡും രൂപീകരിക്കുന്നതു വഴി ഇവിടെയുള്ള ജനങ്ങൾക്ക് സഞ്ചാര സൌകര്യങ്ങൾ വർദ്ധിക്കും.

ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന 182.11 ആർ ഭൂമി പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുത്ത് പദ്ധതി കഴിയുന്നതും വേഗം നടപ്പാക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ഇതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ കൂടി സർക്കാരിന്റെ ഉചിതമായ തീരുമാനം ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

- നഷ്ടപരിഹാര വിതരണം സുതാര്യമായും സമയബന്ധിതമായും പൂർത്തിയാക്കുക
- കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസ പദ്ധതി, ഭൂമി ഏറ്റെടുക്കലിനോടൊപ്പം പൂർത്തിയാക്കുക.
- ഭൂമി ഏറ്റെടുക്കലിനു ശേഷം ഉപയോഗ ശൂന്യമായി ചുരുങ്ങിയ അളവിലുള്ള ഭൂമി മാത്രം അവശേഷിക്കുന്ന കേസുകളിൽ അതും കൂടി ഏറ്റെടുക്കുന്നതിന് വേണ്ടപ്പെട്ടവർക്ക് നിർദ്ദേശം നൽകുക..
- ഭൂമി ഏറ്റെടുക്കൽ നടത്തുന്ന പ്രദേശത്തുള്ള വ്യക്തികൾക്ക് അവകാശ രേഖകളും മറ്റ് രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തുക
- കൈവശ രേഖയില്ലാത്ത വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ (Mohan Paul Colony) അവരുടെ പ്രയാസങ്ങൾ അർത്ഥനാധികാരി അനുഭാവപൂർവ്വം പരിഗണിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

K. Thachu

**ചെയർപേഴ്സൺ**